നിൽക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇടുക്കി ജില്ലയിലെ മാങ്കുളം വില്ലേജിൽ കോടതി നിർദ്ദേശപ്രകാരമുള്ള അതിരുതിരിയ്ക്കൽ നടന്നുവരുന്നതിനാൽ പട്ടയ നടപടിക്ക് താമസം നേരിടുന്നുണ്ട്. കോട്ടയം ജില്ലയും പത്തനംതിട്ട ജില്ലയും ഉൾപ്പെടുന്ന ആലപ്ര, വലിയകാവ്, കരിക്കാട്ടൂർ റിസർവ് വനപ്രദേശങ്ങളിലെ ഭൂമിയുടെ അവകാശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ എം.എസ്.എ.1/81 കേസുള്ളതിനാൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല വില്ലേജിൽ ഉൾപ്പെട്ട ആലപ്ര പ്രദേശത്തെ പട്ടയം നൽകുന്ന നടപടി തടസ്സപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 10 കേസുകളിൽ കോടതി വ്യവഹാരമുള്ളതിനാൽ തടസ്സം നേരിട്ടു. വയനാട് ജില്ലയിലെ മേപ്പാടി റേഞ്ചിന്റെ പരിധിയിൽപ്പെടുന്നതും കോട്ടപ്പടി വില്ലേജിൽ വരുന്നതുമായ മേപ്പാടിക്കുന്ന് പ്രദേശത്തെ സുമാർ 2 ഏക്കർ സ്ഥലത്ത് കോടതി കേസുള്ളതിനാൽ സംയുക്ത പരിശോധന പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വില്ലേജാഫീസ് കെട്ടിടങ്ങൾ

162(3042) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് സ്വന്തമായി എത്ര വില്ലേജാഫീസ് കെട്ടിടങ്ങൾ ഉണ്ടെന്ന് പറയാമോ;

(ബി) ഇവയിൽ പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലുള്ള എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഴയ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് വില്ലേജാഫീസുകൾക്ക് എത്ര കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1468 കെട്ടിടങ്ങൾ.

(ബി) 180 കെട്ടിടങ്ങൾ.

(സി) ഫണ്ട് ലഭ്യതക്കനുസരിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 41 കെട്ടിടങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly